# യൂണിറ്റ് : 7

# ഇന്നത്തെ ഇന്ത്യ

1. "ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി ഒരേ സമയം സന്തോഷവും സന്താപവും നൽകുന്നതായിരുന്നു." ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിഭജനാനന്തരം ഇന്ത്യ നേരിട്ട വെല്ലുവിളികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

3 സ്കോർ

---

2. ബ്രിട്ടീഷ് ഗവൺമെന്റ് മുന്നോട്ടുവച്ച മൗണ്ട്ബാറ്റൺ പദ്ധതി അംഗീകരിക്കുവാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ നിർബന്ധിതമാക്കിയ ഘടകങ്ങൾ എന്തൊക്കെയാണ്?

2 സ്കോർ

---

3. "സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട പ്രധാനപ്പെട്ട വെല്ലുവിളി നാട്ടുരാജ്യസംയോജനമായിരുന്നു." നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുന്നതിനു ഇന്ത്യാഗവൺമെന്റ് നടത്തിയ നടപടികൾ എന്തൊക്കെയായിരുന്നു?

4 സ്കോർ

---

4. ഇന്ത്യയിലെ പോർച്ചുഗീസധീനപ്രദേശങ്ങൾ ഇന്ത്യൻ യൂണിയന്റെ ഭാഗമായിത്തീർന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

3 സ്കോർ

---

5. പോർച്ചുഗീസുകാരുടെയും ഫ്രഞ്ചുകാരുടെയും അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയെ വർഗീകരിക്കുക?

ഗോവ, മാഹി, യാനം, ദാമൻ, പോണ്ടിച്ചേരി, ദിയു

| പോർച്ചുഗീസ് അധീന പ്രദേശങ്ങൾ | ഫ്രഞ്ച് അധീന പ്രദേശങ്ങൾ |
|---|---|
| | |

3 സ്കോർ

---

6. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുക.

4 സ്കോർ

---

7. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ രൂപീകരിക്കേണ്ടത് എന്ന ചിന്താഗതി ഉയർന്നുവരാനിടയായ സാഹചര്യം എന്തായിരുന്നു?

2 സ്കോർ

---

8. 1956 ലെ സംസ്ഥാന പുനഃസംഘടനാ നിയമ പ്രകാരം നിലവിൽ വന്ന ഏതെങ്കിലും നാലു സംസ്ഥാനങ്ങളുടെ പേരെഴുതുക.

2 സ്കോർ

---

9. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടന്ന പ്രധാന സംഭവങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഇവ സംഭവങ്ങൾ നടന്ന ക്രമത്തിലെഴുതുക.

a. ഇന്ത്യ റിപ്പബ്ലിക്കായി
b. ബോംബെ സംസ്ഥാന രൂപീകരണം
c. ഫ്രഞ്ചധീന പ്രദേശങ്ങൾ ഇന്ത്യൻ യൂണിയന്റെ ഭാഗമായി
d. സംസ്ഥാന പുനഃസംഘടന കമ്മീഷൻ നിലവിൽ വന്നു.
e. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്

5 സ്കോർ

---

10 “ഇന്ത്യയിൽ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികൾ നമ്മുടെ സമ്പദ്ഘടനയ്ക്ക് കരുത്തേകി” ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പഞ്ചവത്സര പദ്ധതികളിലൂടെ ഇന്ത്യ കൈവരിച്ച പുരോഗതി വിലയിരുത്തുക.

2 സ്കോർ

---

11. ശാസ്ത്ര ഗവേഷണരംഗത്ത് ഭാരതം കൈവരിച്ച പുരോഗതി വിലയിരുത്തുക. 3 സ്കോർ

---

12. ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിലുണ്ടായ ചില പ്രധാന നാഴികക്കല്ലുകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവ കാലഗണനാ ക്രമത്തിലാക്കുക

a. വിദ്യാഭ്യാസ അവകാശ നിയമം
b. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
c. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ
d. കോത്താരി കമ്മീഷൻ
e. സർജന്റ് കമ്മീഷൻ

5 സ്കോർ

---

13. ഇന്ത്യയിൽ ഹരിതവിപ്ലവം കാർഷിക മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണുണ്ടാക്കിയതെന്ന് വിലയിരുത്തുക.

2 സ്കോർ

---

14. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

3 സ്കോർ

---

15. “1975 ജൂൺ 26 ന് രാഷ്ട്രപതി ഇന്ത്യയിൽ ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു” അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ ഇന്ത്യയിൽ അന്നുണ്ടായിരുന്ന സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?

3 സ്കോർ

---

16. കാർഷിക മേഖലയുടെ വളർച്ചക്ക് പഞ്ചവത്സരപദ്ധതികൾ വഹിച്ച പങ്കെന്തായിരുന്നു? അതിന്റെ ഫലത്തെ അടിസ്ഥാനമക്കി കുറിപ്പ് തയ്യാറാക്കുക.

3 സ്കോർ

---

17. ഇന്ത്യയുടെ ശാസ്ത്രപുരോഗതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് A, B, C കോളങ്ങളിൽ നൽകിയിരിക്കുന്നത്. ഇവ ശരിയായ രീതിയിൽ ക്രമീകരിക്കുക.

| A | B | C |
|---|---|---|
| ഹോമി.ജെ. ബാബ | പൊഖ്റാൻ | ചാന്ദ്രയാൻ |
| റോക്കറ്റ് വിക്ഷേപണകേന്ദ്രം | അറ്റോമിക് എനർജികമ്മീഷൻ | തിരുവനന്തപുരം |
| ബഹിരാകാശ ഗവേഷണം | തുമ്പ | ആണവ ഊർജ വികസനം |
| രാജസ്ഥാൻ | ഐ.എസ്.ആർ.ഒ | ആണവ പരീക്ഷണം |

4 സ്കോർ

18. ഇന്ത്യയുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാനോടും ചൈനയോടും ഇന്ത്യ സ്വീകരിച്ച നിലപാടുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ വിദേശനയം വിലയിരുത്തുക.

3 സ്കോർ